(ബി) അവ ഏതെല്ലാം ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര പദ്ധതികൾ തുടങ്ങി ;

(ഡി) എവിടെയെല്ലാം ?

ഉത്തരം

(എ) രണ്ട് വൻകിട ജലസേചന പദ്ധതികളും മൂന്ന് ഇടത്തരം ജലസേചനപദ്ധതികളും ഒരു ജലസേചന നവീകരണപദ്ധതിയും ഉണ്ട്.

(ബി) 1. ചിമ്മിനി പദ്ധതി.
2. ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്.
3. മീനച്ചിൽ നദീതടപദ്ധതി.
4. ചാമ്രവട്ടം പദ്ധതി.
5. അട്ടപ്പാടി ജലസേചനപദ്ധതി.
6. നെയ്യാർ ജലസേചന നവീകരണപദ്ധതി.

(സി) രണ്ട്.

(ഡി) മലപ്പുറം, കോട്ടയം എന്നീ ഡിസ്ട്രിക്ടുകളിൽ.

കരകുളം പഞ്ചായത്തിലെ സാമൂഹ്യ ജലസേചനപദ്ധതികൾ

915. [1351] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ ജലസേചന പദ്ധതിയനുസരിച്ച് കരകുളം പഞ്ചായത്തിൽനിന്നും എത്ര കർഷക സംഘങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട് ;

(ബി) ഈ വർഷം നടപ്പാക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട പദ്ധതി ഏതാണ് ?

ഉത്തരം

(എ) എട്ട് കർഷക സംഘങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ല.

പള്ളംഗോഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

916. [1352] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡു ജില്ലയിൽ ദേലംപാടി പഞ്ചായത്തിൽ നിർദ്ദിഷ്ട പള്ളംഗോഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കും ;

(ബി) ഇതിന്റെ പ്രവർത്തനത്തിന് ചെറുകിട ജലസേചനപദ്ധതികൾക്കുവേണ്ടിയുള്ള വിദേശസഹായം പ്രയോജനപ്പെടുത്തുന്നുണ്ടോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ പ്രായോഗികത പരിശോധിച്ചുവരുന്നതേ ഉള്ളൂ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻഡ്യയിലെ കൃഷിവികസനത്തിന് യൂറോപ്യൻ എക്കണോമിക് കമ്മ്യൂണിറ്റിയുടെ സാമ്പത്തിക സഹായത്തിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ടിൽ ഈ പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ബേട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

917. [1353] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ നിർദ്ദേശിക്കപ്പെട്ട ബേട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപേക്ഷിക്കുവാൻ ആലോചനയുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം എന്നാരംഭിക്കും ;

(സി) ഏതെങ്കിലും വിദേശ സഹായം ഈ പദ്ധതിയുടെ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യതയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ പദ്ധതിയുടെ പ്രായോഗികത പരിശോധിച്ചുകൊണ്ടിരിക്കുന്നു. പരിശോധന കഴിയുന്ന മുറയ്ക്ക് പണി ആരംഭിക്കാമെന്നാകരുതുന്നു.

(സി) ഉണ്ട്.

(ഡി) ഇൻഡ്യയിൽ കൃഷി വികസനത്തിനുവേണ്ട ജലസേചനത്തിനു യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സാമ്പത്തികസഹായത്തിനുള്ള പ്രോജക്ട് റിപ്പോർട്ടിൽ ഈ പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടുണ്ട് ഇത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

തൂപ്പനാട് ജലസേചനപദ്ധതി

918. [1355] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ തൂപ്പനാട് ജലസേചനപദ്ധതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ?

ഉത്തരം

(എ, ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly